ഫണ്ടിന്റെ അഭാവത്തിനാലും ഈ സാമ്പത്തിക വർഷം പദ്ധതി നടപ്പിലാക്കുവാൻ കഴിയുകയില്ല. വരും സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുന്നതിനുവേണ്ടി പ്രസ്തുത സ്ഥലം സന്ദർശിച്ച് ഒരു വിശദ റിപ്പോർട്ട് ലഭ്യമാക്കുവാൻ ടൂറിസം വകുപ്പിലെ കോഴിക്കോട് ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശബരിമലയെ സംബന്ധിക്കുന്ന മാസ്റ്റർപ്ലാൻ

51. [3395] ശ്രീ. പി. ജെ. ജോയി:

,, എം. കെ. പോൾസൺ മാസ്റ്റർ:

പ്രൊഫസർ കെ. വി. തോമസ്:

ശ്രീ. എൻ. ഡി. അപ്പച്ചൻ

,, ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയെ സംബന്ധിക്കുന്ന മാസ്റ്റർപ്ലാൻ കേന്ദ്രത്തിന് സമർപ്പിച്ചോ;

(ബി) എങ്കിൽ എന്ന്; മാസ്റ്റർപ്ലാൻ സമർപ്പിക്കാത്തപക്ഷം അതിനുള്ള കാരണങ്ങൾ എന്തെല്ലാം;

(സി) ശബരിമല മാസ്റ്റർപ്ലാനിൽ എന്തെല്ലാം കാര്യങ്ങൾ ഉൾക്കൊള്ളിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ശബരിമല മാസ്റ്റർപ്ലാൻ നടപ്പാക്കുന്നതിന് സുപ്രീം കോടതിയുടേയും കേന്ദ്ര വന്യജീവി സംരക്ഷണ ബോർഡിന്റെയും അനുമതി ആവശ്യമാണോ; എങ്കിൽ അനുമതി നേടിയോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ ആന്റ് ബി) ശബരിമലയുടെ വികസനത്തിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കാനായി എക്കോ സ്മാർട്ട് ഇന്ത്യാ ലിമിറ്റഡ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും മാസ്റ്റർപ്ലാനിന്റെ ബാഹ്യരേഖയുണ്ടാക്കി സംസ്ഥാന സർക്കാരിനു സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സർക്കാരിന്റെ പരിശോധനയിലാണ്.

(സി) ശബരിമല മണ്ഡല വിളക്കുകാലത്തെ തിരക്ക് നിയന്ത്രിക്കുന്നതിനും ഭക്തജനങ്ങൾക്കുവേണ്ടിയുള്ള താമസ സൗകര്യം, ക്യൂ കോംപ്ലക്സ് നിർമ്മാണം, മാലിന്യ നിർമ്മാർജ്ജനം, നിലയ്ക്കൽ, എരുമേലി തുടങ്ങിയ പ്രദേശങ്ങളിൽ ബേസ് ക്യാമ്പുകൾ, റോഡുകളുടെ വികസനം മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക തുടങ്ങിയ മൊത്തത്തിലുള്ള വികസനമാണ് മാസ്റ്റർപ്ലാനിൽ ഉൾക്കൊള്ളിക്കാനുദ്ദേശിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ശബരിമല വികസനത്തിനായി വനഭൂമി ലഭ്യമാകേണ്ടതിൽ സുപ്രീംകോടതിയുടെയും കേന്ദ്രവന്യജീവി സംരക്ഷണ ബോർഡിന്റെയും അനുമതി ആവശ്യമാണ്. ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ശബരിമല വികസനത്തിന് വനഭൂമി വിട്ടുകിട്ടാൻ നടപടി

52 [3396] ശ്രീ. ടി. യു. രാധാകൃഷ്ണൻ:

" ടി. വി. ചന്ദ്രമോഹൻ:

" ജോർജ് ജെ. മാത്യു:

" വി. ജെ. പൗലോസ്:

" എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ ടോയ്‌ലറ്റുകൾ, മാലിന്യ ശുദ്ധീകരണ പ്ലാന്റുകൾ, വിശ്രമകേന്ദ്രങ്ങൾ മുതലായവ നിർമ്മിക്കുന്നതിനുള്ള എത്ര പദ്ധതികൾ കേന്ദ്രാനുമതിക്കായി അയച്ചിട്ടുണ്ട്;

(ബി) വന്യമൃഗസംരക്ഷണ മേഖലയിൽ സ്ഥിതിചെയ്യുന്ന ശബരിമലയിൽ നിന്ന് വനഭൂമി വിട്ടുകിട്ടുന്നതിന് കേന്ദ്ര വന്യജീവി സംരക്ഷണ ബോർഡിന്റെ അനുമതി ആവശ്യമാണോ;

(സി) എങ്കിൽ പ്രസ്തുത ബോർഡിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) വനേതര ആവശ്യങ്ങൾക്ക് വനഭൂമി വിട്ടുകിട്ടുന്നതിന് സുപ്രീം കോടതിയുടെ അനുമതി ആവശ്യമാണോ;

(ഇ) എങ്കിൽ ഇക്കാര്യത്തിനായി സുപ്രീംകോടതിയുടെ അനുമതി നേടി അത് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്?

ഉത്തരം

(എ) ശബരിമലയിൽ ടോയ്‌ലറ്റുകൾ, മാലിന്യ ശുദ്ധീകരണ പ്ലാന്റുകൾ, വിശ്രമസങ്കേതങ്ങൾ മുതലായവ നിർമ്മിക്കുന്നതിനായി 19 പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇവ രണ്ടും പ്രൊപ്പോസലുകളായി തിരുവിതാംകൂർ ദേവസ്വം ബോർഡ് വനം വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ആവശ്യമാണ്.

(സി) കേന്ദ്ര വന്യജീവി സംരക്ഷണ ബോർഡിന്റെ അനുമതിക്കുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ആവശ്യമാണ്.

(ഇ) സുപ്രീംകോടതിയുടെ അനുമതി തേടാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly